പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1689

07.03.2018 ൽ മറുപടിയ്ക്ക്

## കാസർഗോഡ് സബ് ജയിൽ അടച്ചിട്ടിരിക്കുന്നതിന്റെ കാരണം

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് സബ് ജയിൽ ഇപ്പോൾ അടച്ചിട്ടിരിക്കുകയാണോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്നും എത്ര ദിവസത്തേക്കാണ് അടച്ചിട്ടതെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് (സ്പെഷ്യൽ ) സബ് ജയിൽ താൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ്. തടവുകാരെ പാർപ്പിക്കുന്ന സെല്ലുകളും വരാന്തയും ടൈൽസ് പാകുന്ന പ്രവൃത്തി നടക്കുന്നതിനാലാണ് ജയിൽ അടച്ചിട്ടിരിക്കുന്നത്. ടി പ്രവൃത്തി തീരുന്നതുവരെയാണ് ജയിൽ അടച്ചിട്ടിരിക്കുന്നത്. |
| (ബി) | കാസർഗോഡ് സബ് ജയിലിൽ എത്ര തടവുകാരെ പാർപ്പിച്ചിരുന്നുവെന്നും അടച്ചിട്ടതിനെ തുടർന്ന് ഈ തടവുകാരെ ഏത് ജയിലിലേക്കാണ് മാറ്റിയതെന്നും വ്യക്തമാക്കാമോ ; | (ബി) | കാസർഗോഡ് ( സ്പെഷ്യൽ )സബ് ജയിലിൽ 63 തടവുകാരെ പാർപ്പിച്ചിരുന്നു. ഇവരെ ഹോസ്ദുർഗ് ജില്ലാ ജയിലിലേക്കാണ് മാറ്റി പാർപ്പിച്ചിട്ടുള്ളത്. |
| (സി) | ഈ തടവുകാരെ മാറ്റിയ ജയിലിൽ എത്ര പേർക്കുള്ള സൗകര്യമാണുള്ളതെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് സബ് ജയിലിലെ തടവുകാർ കൂടി വന്നതോടെ ഈ ജയിലിലെ സൗകര്യത്തിൽ അപര്യാപ്തത അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യത്തിലാണ് അപര്യാപ്തതയും അസൗകര്യവും ഉള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | ഹോസ്ദുർഗ് ജില്ലാ ജയിലിൽ 42 പുരുഷ തടവുകാരെ പാർപ്പിക്കുന്നതിനുള്ള സൗകര്യമാണുള്ളത്. എന്നാൽ കാസർഗോഡ് (സ്പെഷ്യൽ) സബ് ജയിലിൽ നിന്നും മാറ്റി പാർപ്പിച്ച തടവുകാർ ഉൾപ്പെടെ 137 പുരുഷ തടവുകാരെ ഹോസ്ദുർഗ് ജില്ലാ ജയിലിൽ പാർപ്പിച്ചിട്ടുണ്ട്. സ്ഥല പരിമിതി മൂലം തടവുകാരെ പാർപ്പിക്കുന്നതിൽ അസൗകര്യം സംസ്ഥാനത്തെ ജയിലുകളിലുണ്ട്. |

സെക്ഷൻ ഓഫീസർ